# മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 7**

---

## വനിതാ ദിനം ആഘോഷിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലാ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാ ദിനാഘോഷം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ദിനാഘോഷത്തിന്റെ ഭാഗമായി വിദ്യാർഥികൾക്കായി നടത്തിയ ക്വിസ് മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങളും വിവിധ വിഷയങ്ങളിൽ ഫെലോഷിപ്പ് നേടിയവർക്ക് പുരസ്കാരങ്ങളും അദ്ദേഹം സമ്മാനിച്ചു.

വിദ്യാർഥികൾക്കായി സർവകലാശാലാ ലൈബ്രറിയിൽ ഒരുക്കിയ 24 മണിക്കൂർ പ്രവർത്തനസജ്ജമായ വായനാ മുറിയുടെ ഉദ്ഘാടനവും വൈസ് ചാൻസലർ നിർവഹിച്ചു. ലൈബ്രറി ഇൻ ചാർജ് ലത അരവിന്ദ് അധ്യക്ഷത വഹിച്ചു. ഡോ. പി.എം. ആതിര പ്രഭാഷണം നടത്തി.

(പി.ആർ.ഒ/39/268/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ബി.ആർക്ക് (2021 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ മാർച്ച് 29 ന് തുടങ്ങും.

പിഴയില്ലാതെ മാർച്ച് 20 വരെയും പിഴയോടു കൂടി മാർച്ച് 21നും സൂപ്പർ ഫൈനോടു കൂടി മാർച്ച് 22നും അപേക്ഷ സമർപ്പിക്കാം. റഗുലർ വിദ്യാർഥികൾ 240 രൂപയും വിണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 60 രൂപ നിരക്കിലും(പരമാവധി 240 രൂപ) പരീക്ഷാഫീസിനൊപ്പം സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

……………………

ആറാം സെമസ്റ്റർ സി.ബി.സി.എസ്(2020 അഡ്മിഷൻ റഗുലർ,2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി) സൈബർ ഫോറൻസിക്(2020 അഡ്മിഷൻ റഗുലർ,

2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് മാർച്ച് 16 മുതൽ 21 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി മാർച്ച് 22നും സൂപ്പർ ഫൈനോടു കൂടി മാർച്ച് 23നും അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

........................

ഒന്നാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻഡ് ഫിലിം മേക്കിംഗ്(ന്യൂ സ്കീം - 2021 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് 20ന് തുടങ്ങും.

പിഴയില്ലാതെ മാർച്ച് 13 വരെയും പിഴയോടു കൂടി മാർച്ച് 14നും സൂപ്പർ ഫൈനോടു കൂടി മാർച്ച് 15നും അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/269/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ(2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ അതത് കോളേജുകളിൽ മാർച്ച് ഒൻപതിന് നടത്തും.

........................

മൂന്നാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക് സി.ബി.സി.എസ് (ന്യൂ സ്കീം - 2021 അഡ്മിഷൻ റഗുലർ,2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷൻ റീ-അപ്പിയറൻസ് - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് ഒൻപതു മുതൽ കോളജുകളിൽ നടത്തും.

...........................

മൂന്നാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി സി.ബി.സി.എസ്(ന്യൂ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 15 ന് അതത് കോളജുകളിൽ നടത്തും.

(പി.ആർ.ഒ/39/270/2023)

## പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2019 അഡ്മിഷൻ റഗുലർ - ജൂൺ 2022) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

....................

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ്, മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ് - പി.ജി.സി.എസ്.എസ്(റഗുലറും സപ്ലിമെൻററിയും) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 22 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.....................

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ തമിഴ് പി.ജി.സി.എസ്.എസ് (റഗുലറും സപ്ലിമെൻററിയും) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 21 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.....................

ഒന്ന്, രണ്ട് വർഷ ബാച്ച്ലർ ഓഫ് ഫിസിയോതെറാപ്പി (2008 മുതൽ 2013 വരെ അഡ്മിഷനുകൾ ഫസ്റ്റ് മെഴ്സി ചാൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/271/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**